**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **04-07-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിലിനായുള്ള സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കെ-റെയിലുമായി ബന്ധപ്പെട്ടുള്ള സാമൂഹ്യ ആഘാത പഠനത്തിന് ഇനി മുതൽ ജി.പി.എസ്. സംവിധാനം ഉപയോഗിച്ചാൽ മതിയെന്ന് റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) | കെ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ എംപാനൽ ലിസ്റ്റിൽ നിന്നും SIA ഏജൻസികളെ തെരഞ്ഞെടുത്ത് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. **നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റുകൾ നടത്തുന്നതിന് വേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.**<br><br>കല്ലിടൽ **താമസിക്കുന്നത് മൂലം** സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ 05.05.2022 ലെ KRDCL/LA/16/2022 നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. +/-10 cm സൂക്ഷ്മതയോടെയുള്ള LIDAR സർവ്വെ സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ട് തന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വെ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നൽകുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി.<br><br>**ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതു കൂടാതെ** ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ |

| | | | |
|---|---|---|---|
| | | | മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി മുന്നോട്ട് പോകുന്നതിന് 16.05.2022 ലെ REVB2-153/2022-REV നമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | ഇത്തരമൊരു ഉത്തരവ് ഇറക്കുന്നതിലേക്ക് നയിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കെ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ എംപാനൽ ലിസ്റ്റിൽ നിന്നും SIA ഏജൻസികളെ തെരഞ്ഞെടുത്ത് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. **നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റുകൾ നടത്തുന്നതിന് വേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.**<br><br>കല്ലിടൽ **താമസിക്കുന്നത് മൂലം** സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ 05.05.2022 ലെ KRDCL/LA/16/2022 നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. +/-10 cm സൂക്ഷ്മതയോടെയുള്ള LIDAR സർവ്വെ സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ട് തന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വെ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നൽകുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി.<br><br>**ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതു കൂടാതെ** ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി മുന്നോട്ട് പോകുന്നതിന് 16.05.2022 ലെ REVB2-153/2022-REV നമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | കെ-റെയിലിനായി കല്ലിടൽ നടത്തുന്നതിന് റവന്യൂ വകുപ്പ് എന്തെങ്കിലും അനുമതി നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (സി) | എൽ.എ.ആർ.ആർ ആക്ട് 2013-ലെ 4(1) പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള അനുമതി നല്കിയിട്ടുണ്ട്. തിരുവനന്തപുരത്തിനും കാസർഗോഡിനും ഇടയിൽ മൂന്നാമത്തെയും |

| | | | |
|---|---|---|---|
| | | | നാലാമത്തെയും റെയിൽവെ ലൈനിന്റെ നിർമ്മാണത്തിന് മുൻകൂർ നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള 'തത്വത്തിൽ അംഗീകാരം' 17/12/2019 ലെ 2019/JV Cell/KRDCL/SHSRC നമ്പർ കത്തിൽ റെയിൽവെ മന്ത്രാലയം അംഗീകാരം നൽകിയതിനെ തുടർന്ന് 11.06.2021 ലെ G.O(Ms) 13/2021/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട സിൽവർ ലൈൻ പ്രോജക്ടിനായി കിഫ്ബിയിൽ നിന്ന് 2100 കോടി രൂപ വായ്പ പ്രയോജനപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഗതാഗത വകുപ്പ് അനുമതി നൽകുകയുണ്ടായി.<br><br>സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 'തത്വത്തിൽ അംഗീകാരം' റെയിൽവെ മന്ത്രാലയം 17/12/2019 ലെ 2019/JV Cell/KRDCL/SHSRC നമ്പർ കത്ത് മുഖേന നൽകിയിട്ടുണ്ടെന്നും എന്നാൽ അന്തിമ അനുമതി ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 18.08.2020 ലെ സ.ഉ(എം.എസ്) നമ്പർ 163/2021/റവ, 30/10/2021 ലെ സ.ഉ(എം.എസ്) നമ്പർ 3642/2021/റവ, എന്നീ ഉത്തരവുകൾ പ്രകാരം 2013- ലെ എൽ.എ.ആർ.ആർ ആക്ട്, പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വിവിധ വില്ലേജുകളിൽ നിന്നായി 1221 ഹെക്ടർ ഭൂമി ചില നിബന്ധനകൾക്കു വിധേയമായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സാമൂഹ്യ പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ശുപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ എൽ.എ.ആർ.ആർ ആക്ട് 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകികൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവെ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിനു ശേഷം മാത്രമേ പുറപ്പെടുവിക്കു എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | കെ-റെയിലിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന് ഔദ്യോഗികമായി അറിയിപ്പുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | എൽ.എ.ആർ.ആർ ആക്ട് 2013-ലെ 4(1) പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള അനുമതി നല്കിയിട്ടുണ്ട്. തിരുവനന്തപുരത്തിനും കാസർഗോഡിനും ഇടയിൽ മൂന്നാമത്തെയും നാലാമത്തെയും റെയിൽവെ ലൈനിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് മുൻകൂർ നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള 'തത്വത്തിൽ അംഗീകാരം' 17/12/2019 ലെ 2019/JV Cell/KRDCL/SHSRC നമ്പർ കത്തിൽ റെയിൽവെ മന്ത്രാലയം അംഗീകാരം നൽകിയതിനെ തുടർന്ന് 11.06.2021 ലെ G.O(Ms) 13/2021/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട സിൽവർ ലൈൻ പ്രോജക്ടിനായി കിഫ്ബിയിൽ നിന്ന് 2100 കോടി രൂപ വായ്പ പ്രയോജനപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഗതാഗത വകുപ്പ് അനുമതി നൽകുകയുണ്ടായി.<br><br>സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 'തത്വത്തിൽ അംഗീകാരം' റെയിൽവെ മന്ത്രാലയം 17/12/2019 ലെ 2019/JV Cell/KRDCL/SHSRC നമ്പർ കത്ത് മുഖേന നൽകിയിട്ടുണ്ടെന്നും എന്നാൽ അന്തിമ അനുമതി ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 18.08.2020 ലെ സ.ഉ(എം.എസ്) നമ്പർ 163/2021/റവ, 30/10/2021 ലെ സ.ഉ(എം.എസ്) നമ്പർ 3642/2021/റവ, എന്നീ ഉത്തരവുകൾ പ്രകാരം 2013- ലെ എൽ.എ.ആർ.ആർ ആക്ട്, പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വിവിധ വില്ലേജുകളിൽ നിന്നായി 1221 ഹെക്ടർ ഭൂമി ചില നിബന്ധനകൾക്കു വിധേയമായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സാമൂഹ്യ പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ശുപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ എൽ.എ.ആർ.ആർ ആക്ട് 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകികൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവെ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിനു ശേഷം മാത്രമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ